## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3941** — **16.05.2017 ൽ മറുപടിയ്ക്ക്**

## സുജലം സുഫലം പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ. ശശി | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കാർഷിക വ്യാപന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച സുജലം സുഫലം പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വികസന പദ്ധതികൾ സുജലം സുഫലം എന്ന പേരിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പച്ചക്കറി മേഖലയിൽ സ്വയം പര്യാപ്തത, തരിശുരഹിത വയലുകൾ, സമഗ്ര നാളികേര പുരയിട കൃഷി, കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ സുജലം സുഫലം പദ്ധതിയുടെ ഭാഗമാണ്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസനം, നെൽകൃഷി വികസനം, നാളികേര വികസന പദ്ധതി, കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനുള്ള പദ്ധതികൾ എന്നിവ സുജലം സുഫലം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. ഇതോടൊപ്പം മണ്ണ് ജല സംരക്ഷണവും, മാലിന്യ സംസ്കരണത്തിലൂടെ കംമ്പോസ്റ്റ് വള നിർമ്മാണവും ഹരിത കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ നടപ്പിലാക്കി വരുന്നു. |
| ബി) അയൽക്കൂട്ടങ്ങളും സ്വയംസഹായ സംഘങ്ങളും പച്ചക്കറി കൃഷി ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | ബി) കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശു നിലങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 30,000/- രൂപ നിരക്കിൽ ധന സഹായം നൽകി വരുന്നു. പാട്ട കൃഷിക്കും ഈ ആനുകൂല്യം നൽകി വരുന്നു. അത്തരം സന്ദർഭങ്ങളിൽ കർഷകർക്ക് ഹെക്ടറിന് 25,000/- രൂപയും ഭൂഉടമയ്ക്ക് ഹെക്ടറിന് 5,000/- രൂപയും നൽകി വരുന്നു. അയൽകൂട്ടങ്ങൾക്കും |

സ്വയം സഹായ സംഘങ്ങൾക്കും ഇതിൽ ഭാഗഭാക്കായി ആനുകൂല്യം നേടിയെടുക്കാവുന്നതാണ്. കൂടാതെ പച്ചക്കറി കൃഷി വികസന പദ്ധതിയിലെ മറ്റൊരു ഘടകമായ സ്ഥാപനങ്ങളിൽ/ സർക്കാരേതര സംഘടനകൾ വഴി പ്രോജക്ടടിസ്ഥാനത്തിലെ പച്ചക്കറി കൃഷി പ്രകാരം കർഷക കൂട്ടായ്മകൾക്ക് കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് (സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളുടെ വക ഭൂമിയിൽ) പ്രോജക്ടടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് 100 ശതമാനം ധനസഹായം അനുവദിക്കുന്നുണ്ട്. ടി ഘടകവും അയൽക്കൂട്ടങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കും ഏറ്റെടുത്ത് പങ്കെടുക്കുവാൻ സാധിക്കുന്ന തരത്തിലുള്ളതാണ്. ഇതിനായി പ്രോജക്ട് തയ്യാറാക്കി കൃഷിഭവൻ മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

സി) പച്ചക്കറി സ്വയം പര്യാപ്ത തരിശു രഹിത വയലുകൾ, സമഗ്രനാളികേര പുരയിടകൃഷി, കാർഷികമൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നീ പദ്ധതികളുടെ നടത്തിപ്പിനും അതിലൂടെ കാർഷിക വ്യാപന പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ?

സി) സുജലം സുഫലം പദ്ധതിയിലെ ലക്ഷ്യങ്ങളെല്ലാം നേടിയെടുക്കുന്നതിന് കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ 17-18 സാമ്പത്തിക വർഷത്തേക്ക് ആസൂത്രണം ചെയ്തിട്ടുണ്ട്:-

**1) നെൽ കൃഷി വികസനം**

2017-18 ലേയ്ക്കുള്ള ബഡ്ജറ്റ് വിഹിതം 70 കോടി രൂപയാണ്. പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രീൻബുക്ക് ഘടകങ്ങളുടെ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകി. പദ്ധതി നിർവ്വഹണം ആരംഭിച്ചു.

**2) പച്ചക്കറി കൃഷി വികസന പദ്ധതി**

ബഡ്ജറ്റ് വിഹിതമായ 85.00 കോടി രൂപയിൽ 78.90 കോടി രൂപയുടെ പദ്ധതി കൃഷി വകുപ്പ് മുഖേനയും 6 കോടി രൂപയുടേത് വി.എഫ്.പി.സി.കെ മുഖേനയും 10 ലക്ഷം രൂപയുടേത് കേരള കാർഷിക സർവ്വകലാശാല മുഖേനയുമാണ് നടപ്പിലാക്കുന്നത്. ഗ്രീൻബുക്ക് ഘടകങ്ങളുടെ വിശദമായ പദ്ധതി നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകി. പദ്ധതി നിർവ്വഹണം ആരംഭിച്ചു.

**3) നാളികേര വികസന പദ്ധതി**

ആകെ ബഡ്ജറ്റ് വിഹിതമായ 45.00 കോടി രൂപയിൽ സി.പി.സി.ആർ.ഐ യുമായി ചേർന്ന് നടപ്പാക്കേണ്ട 3 കോടി രൂപയുടെ പ്രോജക്ട് ഒഴികെയുള്ള 42 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**4) കാർഷിക മേഖലയിൽ മൂല്യവർദ്ധനവിനുള്ള പദ്ധതി**

ഈ പദ്ധതിയ്ക്കായി 27 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ചെറുകിട ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം നൽകുന്നതിനായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഗ്രാമ പഞ്ചായത്ത് തലത്തിൽ ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷക സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**